## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.722

05/06/2018-ൽ മറുപടിക്ക്

## നെന്മാറ നിയോജക മണ്ഡലത്തിൽ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ. ബാബു** | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
| (എ) | നെന്മാറ നിയോജക മണ്ഡലത്തിൽ ഏതെല്ലാം പഞ്ചായത്തുകളിലാണ് കെ.എസ്.ഇ.ബി - ക്ക് നിലവിൽ സെക്ഷൻ ഓഫീസുകൾ ഇല്ലാത്ത തെന്ന് വ്യക്തമാക്കുമോ; | (എ) | നെന്മാറ നിയോജക മണ്ഡലത്തിൽ അയിലൂർ ഗ്രാമ പഞ്ചായത്തിൽ മാത്രമാണ് നിലവിൽ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ഇല്ലാത്തത്. |
| (ബി) | പുതുതായി സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള നടപടി ക്രമ ങ്ങൾ എന്താണെന്ന് വിശദമാക്കുമോ; | (ബി) & (സി) | സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്രകിലോമീറ്ററിൽ കൂടുകയും അതേ സമയം ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000-ൽ അധികമോ ആയിട്ടുള്ള സെക്ഷൻ ഓഫീസു കളാണ് ബോർഡ് മുൻകാലങ്ങളിൽ വിഭജനത്തിനായി പരിഗണിച്ചിരുന്നത്.<br>പുതുതായി ഓഫീസുകൾ ആരംഭി ക്കുന്നതിന് അധികമായി മാനവ ശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭി ക്കുന്നത് പ്രായോഗികമല്ല. എന്നാൽ ആധുനിക സാങ്കേതിക വിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും വേണ്ടി ബോർഡ് നടപടി കൾ സ്വീകരിച്ചു വരുന്നുണ്ട്. അതോടൊപ്പം നിലവിലുള്ള ഓഫീസുകളുടെ പുന:ക്രമീകരണ സാധ്യതകളും ബോർഡ് പരിശോധിച്ചു വരികയാണ്. |
| (സി) | നിലവിൽ സെക്ഷൻ ഓഫീസ് ഇല്ലാ ത്ത പഞ്ചായത്തുകളിൽ സെക്ഷൻ ഓഫീസ് തുടങ്ങുന്നതിനുള്ള അടി യന്തര നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ